## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.349 — 11/05/2017-ൽ മറുപടിക്ക്

## ഡീപ്പ്-ഇ-ബിഡ്ഡിംഗ് പ്രകാരം വാങ്ങുന്ന വൈദ്യുതി

| | ചോദ്യം<br>**ശ്രീ.ഇ.കെ.വിജയൻ**<br>**,, സി. ദിവാകരൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, കെ. രാജൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഡീപ്പ്-ഇ-ബിഡ്ഡിംഗ് (Discovery of Efficient Electricity Price) പ്രകാരം സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ഊർജ്ജ മന്ത്രാലയത്തിൽ നിന്നുമുള്ള ഓർഡർ നമ്പർ 23/25/2011-R&R(Vol.III) തീയതി 30.03.2016 പ്രകാരം 2016 മെയ് മാസത്തിലും, ഇപ്പോൾ 2017 മാർച്ച് മാസം 01.03.2017 മുതൽ 31.05.2017 വരെയും ഡീപ്പ് ഈ-ബിഡ്ഡിംഗ് പോർട്ടൽ വഴി വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്നു. |
| (ബി) | ഈ സംവിധാനം മുഖേന വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് എത്ര മാത്രം ഗുണകരമാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തരം വൈദ്യുതി വാങ്ങുമ്പോൾ ഇനീഷ്യൽ പ്രൈസ് ഓഫർ, ഇ റിവേഴ്സ് ഓക്ഷൻ എന്നീ രണ്ടു ഘട്ടങ്ങളിലായി ബിഡ്ഡർമാർ മത്സര ബുദ്ധിയോടെ ലേലത്തിൽ പങ്കെടുക്കുകയും തന്മൂലം പരമാവധി വില കുറച്ച് വൈദ്യുതി വാങ്ങാനുള്ള അവസരം വന്നു ചേരുകയും ചെയ്യുന്നു. പ്രസ്തുത ബിഡ്ഡിംഗ് പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് അതാതു സന്ദർഭങ്ങളിൽ വൈദ്യുതി കമ്പോള ത്തിലെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന തായാണ് കാണുന്നത്. എന്നാലും മറ്റ് ഹ്രസ്വകാല കരാറുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ നിരക്ക് വളരെ കുറവാണ്. |

(2)

| | | | |
|---|---|---|---|
| (സി) | ഡീപ്പ്-ഇ-ബിഡ്ഡിംഗ് പ്രകാരം ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി വാങ്ങിയെന്നും ഇതിന്റെ ശരാശരി നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ താഴെ കാണിച്ച പ്രകാരം ഡീപ്പ്-ഇ-ബിഡ്ഡിംഗ് പോർട്ടലിലൂടെ വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>1. 2016 മെയ് മാസം 05.05.2016 മുതൽ 31.05.2016 വരെയുള്ള ഹ്രസ്വകാലത്തേയ്ക്ക് (27 ദിവസം) വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടുകയും 28.6208 മില്ല്യൺ യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തു. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.24 രൂപ ആണ്.<br>2. 01.03.2017 മുതൽ 31.05.2017 വരെയുള്ള ഹ്രസ്വകാലത്തേയ്ക്ക് (3 മാസം) വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടുക വഴി 126.2079 മില്ല്യൺ യൂണിറ്റ് വൈദ്യുതി 30.04.2017 വരെ വാങ്ങിയിട്ടുണ്ട്. ഇപ്പോൾ മെയ് മാസത്തിലും ഈ വൈദ്യുതി കിട്ടിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.33 രൂപ ആണ്. |

സെക്ഷൻ ഓഫീസർ